ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 14.08.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1) എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി 7 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

The nation is gearing up for the 80th Independence Day celebrations. President Droupadi Murmu will address the nation tonight at 7 PM.

2) ചുവപ്പ്കോട്ടയിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. സംസ്ഥാനത്തും നാളെ വിപുലമായ ആഘോഷ പരിപാടികൾ.

Prime Minister Narendra Modi will hoist the national flag and address the nation tomorrow during the Independence Day celebrations at the Red Fort. Extensive celebrations are scheduled across the state tomorrow as well.

3) സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ സർവീസ് മെഡലുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും 11 പേർ മെഡലുകൾക്ക് അർഹരായി.

The President's Service Medals for distinguished service on the occasion of Independence Day have been announced. 11 individuals from Kerala have been awarded medals.

4) ഇന്ന് വിഭജന ഭീതി സ്മരണാ ദിനം. വിഭജനത്തിൽ ദുരിതങ്ങൾ നേരിട്ടവരെ അനുസ്മരിച്ച് പ്രധാനമന്ത്രി ഉൾപ്പെടെ പ്രമുഖർ.

Today is Partition Horrors Remembrance Day. Prominent leaders, including the Prime Minister, remembered those who suffered during the Partition.

5) 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം. ആധുനിക കാലഘട്ടത്തിന് അനുസരിച്ച് പോലീസ് സേനയെ നവീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

The 'My Police Station' project launched in the state. Chief Minister V. D. Satheesan stated that the police force will be modernized to keep pace with the modern era.

6) കനേഡിയൻ ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം അമേരിക്കയുടെ ബെൻ ഷെൽട്ടണ്.

"America's Ben Shelton wins the Canadian Open Tennis men's singles title."

*************

## PREZ- ADDRESS

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി 7 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ എല്ലാ

നിലയങ്ങളും ദൂരദർശനും അഭിസംബോധന പ്രക്ഷേപണം ചെയ്യും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ രാവിലെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷപരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും. ദേശീയപതാക ഉയർത്തിയശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും. യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്. ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കുന്നതിന് പുറമേ വന്ദേമാതരത്തിൻറെ മാതൃകയിൽ പുഷ്പാലങ്കാരവും ഒരുക്കും. സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഹർഘർ തിരംഗയുടെ ഭാഗമായ തിരംഗയാത്രകളും രാജ്യത്ത് പുരോഗമിക്കുകയാണ്. സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് വൈകുന്നേരം 5:10-ന് രാജ്യത്തെ സൈനികരെ അഭിസംബോധന ചെയ്യും. സംസ്ഥാനത്തും വിപുലമായ പരിപാടികളാണ് നാളെ നടക്കുന്നത്. തലസ്ഥാന നഗരിയിലും, ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ പങ്കെടുക്കും.

*************

## PM VISHWAKARMA-SPECIAL GUEST

ചുവപ്പുകോട്ടയിൽ നാളെ നടക്കുന്ന 80-ാമത് സ്വാതന്ത്ര്യദിന ആഘോഷ ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാൻ, 'പിഎം വിശ്വകർമ്മ' പദ്ധതിയുടെ 100 ഗുണഭോക്താക്കളെ കേന്ദ്ര സർക്കാർ 'പ്രത്യേക അതിഥികളായി' ക്ഷണിച്ചു. സമൂഹത്തിൻറെ നാനാതുറകളിൽ നിന്നുള്ള അയ്യായിരം പ്രത്യേക അതിഥികളെയാണ് ചടങ്ങിനായി ക്ഷണിച്ചിരിക്കുന്നത്. കരകൗശല വിദഗ്ധർക്കു പുറമേ, പിഎം ഇൻറേൺഷിപ്പ് പദ്ധതിയുടെ ഭാഗമായ യുവജനങ്ങൾ, മുദ്ര യോജനയുടെ ഗുണഭോക്താക്കളായ വനിത സംരംഭകർ, ശാസ്ത്രജ്ഞർ,

ഡ്രൈവർമാർ, വിദ്യാർത്ഥികൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ നിന്നുള്ളവർക്ക് സ്വാതന്ത്ര്യദിനാഘോഷങ്ങളിലേക്ക് ക്ഷണമുണ്ട്. വിശിഷ്ടാതിഥികൾ ഉൾപ്പെടെയുള്ളവരുടെ യാത്ര സുഗമമാക്കുന്നതിന് നാളെ പുലർച്ചെ 4 മണി മുതൽ ഡൽഹി മെട്രോയുടെ എല്ലാ ടെർമിനൽ സ്റ്റേഷനുകളിൽ നിന്നും സർവീസുകൾ ആരംഭിക്കും.

*************

## POLICE SERVICE MEDALS

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ സർവീസ് മെഡലുകൾ പ്രഖ്യാപിച്ചു. പോലീസ്, അഗ്നിരക്ഷ സേന, ജയിൽ വകുപ്പ് തുടങ്ങിയവയിൽ നിന്നായി 1,057 പേർ പുരസ്കാരത്തിന് അർഹരായി. ധീരതയ്ക്കുള്ള മെഡലുകൾ 301 പേർക്കും , വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ 92 പേർക്കും, സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾ 664 പേർക്കുമാണ് ലഭിച്ചത്. കേരളത്തിൽ നിന്നും എസ്സ്. പി. ശശിധരന് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചു. സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾ സംസ്ഥാനത്ത്, പോലീസ് സേനയിൽ നിന്നും ആറ് പേർക്കും, അഗ്നിരക്ഷ സേനയിൽ നിന്നും രണ്ട് ഉദ്യോഗസ്ഥർക്കും, ജയിൽ വകുപ്പിൽ നിന്നും രണ്ട് പേർക്കുമാണ് ലഭിച്ചത്.

*************

## PARTITION HORRORS REMEMBRANCE DAY

1947-ലെ ഇന്ത്യ- പാക് വിഭജനത്തിനിടെ ജീവൻ നഷ്ടപ്പെട്ടവരെയും, സമാനതകളില്ലാത്ത ദുരിതങ്ങൾ അനുഭവിച്ചവരെയും അനുസ്മരിച്ച് ഇന്ന് വിഭജന ഭീതി സ്മരണാദിനം. വിഭജനം നിരവധി ജീവിതങ്ങൾ തകർക്കുകയും കുടുംബങ്ങളെ അനാഥമാക്കുന്ന വിധത്തിൽ ദുരിതങ്ങൾ സൃഷ്ടിക്കുകയും ചെയ്തതായി പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു . 'വികസിത ഭാരതം' സൃഷ്ടിക്കുവാനുള്ള നിശ്ചയദാർഢ്യം കൂടുതൽ ശക്തമാക്കാൻ ഈ ദിനം പ്രചോദനമാകട്ടെയെന്നും അദ്ദേഹം

ആശംസിച്ചു. ഇന്ത്യ ചരിത്രത്തിലെ ഏറ്റവും നിഷ്ഠൂരമായ അധ്യായങ്ങളിൽ ഒന്നാണ് വിഭജനമെന്നും, ദശലക്ഷങ്ങളാണ് ഇതിലൂടെ ദുരിതം പേറിയതെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അനുസ്മരിച്ചു. നിരവധിപ്പേരുടെ ധീരതയെയും, ത്യാഗത്തെയും, പോരാട്ടങ്ങളെയുമാണ് ഈ ദിനം ഓർമപ്പെടുത്തുന്നതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു. 2021 മുതലാണ് ഓഗസ്റ്റ് 14 വിഭജന ഭീതി സ്മരണാ ദിനമായി ആചരിച്ചു തുടങ്ങിയത്.

*************

## Har Ghar Tiranga (INTRO)

ഹർ ഘർ തിരംഗയുടെ ഭാഗമായി രാജ്യമെങ്ങും ദേശീയ പതാക ഉയരുമ്പോൾ ഖാദി തുണിയിൽ പതാക നിർമ്മിച്ച് നൽകുന്ന കണ്ണൂർ പയ്യന്നൂരിലെ ഖാദി കേന്ദ്രത്തിൽ ജീവനക്കാർ വലിയ തിരക്കിലാണ്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

*************

## WOMEN WALKATHON

സ്വാതന്ത്ര്യദിനാഘോഷത്തിൻറെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന വനിതകളുടെ ഒത്തുചേരൽ ഇന്ന് രാത്രി 9.30 മുതൽ തിരുവനന്തപുരത്ത് നടക്കും. നാളെ പുലർച്ചെ ഒരു മണി വരെയാണ് പരിപാടി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.

*************

## My Police Station

ആധുനിക കാലഘട്ടത്തിന് അനുസരിച്ച് പോലീസ് സേനയെ നവീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ജനസൗഹൃദ പൊലീസ് സംവിധാനത്തിന് നവീന മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ തൂഫാൻ പോലെ മൈ

പോലീസ് സ്റ്റേഷൻ പദ്ധതിയും ജനങ്ങൾ ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സമൂഹത്തിന് ഉണ്ടാകുന്ന മാറ്റത്തിനു അനുസൃതമായി സമൂലമായ മാറ്റങ്ങൾ പോലീസിലും ആവശ്യമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

*************

## SHAH - DRUG KINGPIN

നാടുവിട്ട മയക്കുമരുന്ന് രാജാവ് വീരേന്ദർ സിംഗ് ബസോയയെ യുഎഇയിൽ നിന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ തിരിച്ചെത്തിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ . മയക്കുമരുന്നിനെതിരെ വിട്ടുവീഴ്ചയില്ലാത്ത കേന്ദ്ര സർക്കാർ നയത്തിലെ പുതിയ നാഴികക്കല്ലാണിതെന്നും അദ്ദേഹം പറഞ്ഞു.

*************

## Uttarakhand Landslide

ഉത്തരാഖണ്ഡിൽ നിർമ്മാണത്തിലിരുന്ന തുരങ്കത്തിലുണ്ടായ മണ്ണിടിച്ചിലിൽ ഏഴ് പേർ മരിച്ചു. 14 പേർക്ക് പരിക്കേറ്റു. ചമോലി ജില്ലയിലെ ജലവൈദ്യുത പദ്ധതിയുടെ തുരങ്കത്തിലാണ് അപകടമുണ്ടായത്. .

*************

## ODISHA-FLOOD

കനത്ത മഴയിൽ ഒഡീഷയിൽ പ്രളയസാഹചര്യം അതീവ ഗുരുതരമായി തുടരുന്നു. ബൈതരണി, ബുധബലംഗ നദികളിൽ ജലനിരപ്പുയരുന്നത് വടക്കൻ ജില്ലകളിൽ വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഭദ്രക് ജില്ലയിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ചമ്പുവയിൽ പാലം ഒലിച്ചുപോയതിനെ തുടർന്ന് റോഡ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടു.

*************

## KASARGOD (INTRO)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സമഗ്ര പുരോഗതിയും പൂർണ്ണ ഹാജറും ലക്ഷ്യമിട്ട് കാസർഗോഡ് പരപ്പ ട്രൈബൽ ഡെവലപ്മെൻറിൻറെ നേതൃത്വത്തിൽ

ഉയരെ പൊതു വിദ്യാഭ്യാസ ക്യാമ്പെയിന് തുടക്കമായി.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ.**

(വോയ്സ്)

*************

## BSNL PRESS MEET

സംസ്ഥാനത്ത് പാലക്കാടും കൊച്ചിയിലും BSNL സാറ്റലൈറ്റ് ഫോൺ കണക്ഷനുകൾ നൽകി തുടങ്ങിയതായി ചീഫ് ജനറൽ മാനേജർ ആർ സജി കുമാർ. വിദൂര മേഖലകളിലുള്ളവർക്കും മത്സ്യ ബന്ധന മേഖലയിൽ ഉള്ളവർക്കും ഇതു ഗുണകരമായിരിക്കും. സംസ്ഥാനത്ത് ഈ വർഷം അവസാനത്തോടെ 5 ജി സേവനങ്ങൾ ആരംഭിക്കാൻ സാധിക്കും എന്നും അദ്ദേഹം പറഞ്ഞു.

*************

## REV. CANADIAN OPEN TENNIS

കനേഡിയൻ ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം അമേരിക്കയുടെ ബെൻ ഷെൽട്ടണ് . യുഎസ് താരം ബ്രാൻഡൻ നകാഷിമയെ 6-3, 7-6 എന്ന സ്കോറിനാണ് ഷെൽട്ടൻ പരാജയപ്പെടുത്തിയത്. വനിതാ സിംഗിൾസ് കിരീടം പോളിഷ് താരം ഇഗ ഷ്വാംടെക് സ്വന്തമാക്കി. കസാഖ് താരം എലേന റൈബാക്കിനയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് കിരീടനേട്ടം.

*************

## CRICKET TEST

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ഗാലെ ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആരംഭിക്കും. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 23 മുതൽ 27 വരെ കൊളംബോയിൽ നടക്കും.

*************

## US TRUMP -NEW TARIFF

ആളില്ലാ ഡ്രോണുകളുടെയും, നിർമാണ ഘടകങ്ങളുടെയും ഇറക്കുമതിക്ക് 100 ശതമാനം വരെ തീരുവ ചുമത്തുമെന്ന്

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് . ചൈന ആധിപത്യം പുലർത്തുന്ന വിതരണ ശൃംഖലയെ അമേരിക്ക ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനാണ് നടപടിയെന്ന് ട്രംപ് വ്യക്തമാക്കി .

*************

## RAIN-KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

*************

## Lakshadweep search operation

ലക്ഷദ്വീപിലെ സുഹെലി ദ്വീപിൽ നിന്നും കാണാതായ രണ്ട് പോലീസ് കോൺസ്റ്റബിൾമാർക്കായുള്ള തിരച്ചിൽ തുടരുന്നു. കവരത്തി കൺട്രോൾ റൂമിലേക്ക് അപകട വിവരങ്ങൾ ലഭിച്ചതിനെ തുടർന്ന് രണ്ട് ദിവസമായി ഹെലികോപ്റ്റർ മാർഗ്ഗം ഉൾപ്പടെ തിരച്ചിൽ നടത്തിയെങ്കിലും പോലീസ് ഉദ്യോഗസ്ഥരെ കുറിച്ച് ഇതുവരെ വിവരം ഒന്നും ലഭിച്ചിട്ടില്ല. പട്രോളിംഗിനിടെ കടൽ പ്രക്ഷുബ്ധമായതിനെ തുടർന്ന് ഇവർ അപകടത്തിൽപെടുകയായിരുന്നു.

*************

*********

***